# എൽ.ബി.എസ്സ് സെന്റർ ഫോർ സയൻസ്സ് & ടെക്നോളജി

## പ്രൊഫഷണൽ ഡിഗ്രി ഇൻ നഴ്സിംഗ് & പാരാമെഡിക്കൽ കോഴ്സുകൾക്ക്

## 2021–22 അദ്ധ്യയന വർഷത്തേക്കുള്ള പ്രവേശനം

### വിവിധ സംവരണാനുകൂല്യ സർട്ടിഫിക്കറ്റുകൾ മുൻകൂർ വാങ്ങിവയ്ക്കുന്നത് സംബന്ധിച്ച്

**ബി.എസ്.സി നഴ്സിംഗ് പാരാമെഡിക്കൽ ഡിഗ്രി കോഴ്സുകൾക്കുള്ള പ്രവേശനത്തിനുള്ള കേന്ദ്രീകൃത അലോട്ട്മെന്റ് നടപടികൾ ഉടൻ ആരംഭിക്കുന്നതാണ്. പ്രവേശനത്തിന് അപേക്ഷ സമർപ്പിക്കുന്നവരിൽ സംവരണ ആനുകൂല്യം, ഫീസ് ആനുകൂല്യം തുടങ്ങിയവ ലഭിക്കുന്നതിന് അർഹരായ അപേക്ഷകർ ഓൺലൈൻ അപേക്ഷ സമർപ്പിക്കുന്ന അവസരത്തിൽ തന്നെ കാറ്റഗറി/സംവരണം/വരുമാനം തുടങ്ങിയവ തെളിയിക്കുന്നതിനാവശ്യമായ സർട്ടിഫിക്കറ്റുകൾ ഓൺലൈനിൽക്കൂടി അപ്‌ലോഡ് ചെയ്യേണ്ടതാണ്.**

**റവന്യൂ അധികാരികളിൽ നിന്ന് താഴെ പറയുന്ന സർട്ടിഫിക്കറ്റുകൾ മുൻകൂട്ടി വാങ്ങേണ്ടതാണ്.**

1. സംവരണ ആനുകൂല്യം ലഭിക്കുന്നതിന് സാമൂഹികവും വിദ്യാഭ്യാസപരവുമായി പിന്നോക്കം നിൽക്കുന്ന (SEBC) വിഭാഗക്കാരും, മറ്റർഹ സമുദായത്തിൽപ്പെട്ട (OEC) അപേക്ഷകരും വില്ലേജ് ഓഫീസിൽ നിന്നുള്ള സർക്കാർ പഠനാവശ്യങ്ങൾക്കായി നൽകുന്ന നോൺ–ക്രീമിലെയർ സർട്ടിഫിക്കറ്റ് വാങ്ങേണ്ടതാണ്. ജോലി ആവശ്യത്തിനും, കേന്ദ്ര ആവശ്യത്തിനുള്ളതോ, മറ്റേതെങ്കിലും ആവശ്യത്തിനായോ നൽകുന്ന നോൺ ക്രീമിലെയർ സർട്ടിഫിക്കറ്റ് പരിഗണിക്കുന്നതല്ല.
2. SC/ST വിഭാഗക്കാർ തഹസീൽദാരിൽ നിന്നുള്ള ജാതി സർട്ടിഫിക്കറ്റ് വാങ്ങേണ്ടതാണ്.
3. നോൺ ക്രീമിലെയറിൽ പെടാത്ത OEC വിഭാഗക്കാർ വില്ലേജ് ഓഫീസർ നൽകുന്ന ജാതി സർട്ടിഫിക്കറ്റ് വാങ്ങേണ്ടതാണ്.
4. SC/ST/OEC വിഭാഗക്കാർ ഒഴികെയുള്ള ജനറൽ കാറ്റഗറി ഉൾപ്പെടെയുള്ള മറ്റ് വിഭാഗക്കാർ കുടുംബവാർഷിക വരുമാനത്തിന്റെ അടിസ്ഥാനത്തിലുള്ള ഫീസ് ആനുകൂല്യങ്ങൾ/സ്കോളർഷിപ്പ് എന്നിവ ലഭിക്കുന്നതിനായി വില്ലേജ് ഓഫീസിൽ നിന്നുള്ള വരുമാനസർട്ടിഫിക്കറ്റ് വാങ്ങേണ്ടതാണ്.
5. മിശ്ര വിവാഹിതരുടെ മക്കൾക്ക്(SEBC/OEC) സംവരണം/ഫീസ് ആനുകൂല്യം ലഭിക്കുന്നതിന് അവർ വില്ലേജ് ഓഫീസിൽ നിന്നും നോൺ ക്രീമിലെയർ സർട്ടിഫിക്കറ്റ് വാങ്ങേണ്ടതാണ്. എന്നാൽ മിശ്ര വിവാഹിതരിൽ ഒരാൾ SC/ST വിഭാഗത്തിൽപ്പെട്ടയാളാണെങ്കിൽ അവരുടെ മക്കൾക്ക് SC/ST വിഭാഗങ്ങൾക്ക് ലഭ്യമാകുന്ന ഫീസ് ആനുകൂല്യങ്ങൾ ലഭിക്കുന്നതിന് തഹസീൽദാർ നൽകുന്ന മിശ്ര വിവാഹസർട്ടിഫിക്കറ്റ് വാങ്ങേണ്ടതാണ്.
6. വിദ്യാർത്ഥികളുടെ ജനനസ്ഥലം രേഖപ്പെടുത്തിയിട്ടുള്ള സ്കൂൾ സർട്ടിഫിക്കറ്റ്/ജനന സർട്ടിഫിക്കറ്റ്/നേറ്റിവിറ്റി തെളിയിക്കുന്നതിനായി പരിഗണിക്കുന്നതാണ്. സ്കൂൾ സർട്ടിഫിക്കറ്റ്/ജനന സർട്ടിഫിക്കറ്റിൽ ജനനസ്ഥലം രേഖപ്പെടുത്തിയിട്ടില്ലെങ്കിൽ വില്ലേജ് ഓഫിസർ നൽകുന്ന നേറ്റിവിറ്റി സർട്ടിഫിക്കറ്റ് വാങ്ങേണ്ടതാണ്.
7. സാമ്പത്തികമായും പിന്നോക്കം നൽകുന്ന സംവരണേതര വിഭാഗത്തിൽ(EWS) സംവരണാനുകൂല്യം ലഭിക്കുന്നതിനായി വില്ലേജ് ഓഫീസർ നൽകുന്ന ഇൻകം&അസറ്റ് സർട്ടിഫിക്കറ്റ് അല്ലെങ്കിൽ AAY സർട്ടിഫിക്കറ്റ് വാങ്ങേണ്ടതാണ്.
8. സ്വകാര്യസ്വാശ്രയ കോളേജുകളിൽ ന്യൂനപക്ഷ സമുദായങ്ങൾക്കായി (മുസ്ലീം/കൃസ്ത്യൻ) സംവരണം ചെയ്തിട്ടുള്ള സീറ്റുകളിലേക്ക് പരിഗണിക്കുന്നതിനായി നോൺ ക്രീമിലെയർ


PDC-2021, © LBS,Tvpm

വിഭാഗത്തിൽപെടാത്തവർ വില്ലേജ് ഓഫീസറിൽ നിന്നും സമുദായ സർട്ടിഫിക്കറ്റ് വാങ്ങേണ്ടതാണ്.

മറ്റ് പ്രത്യേക സംവരണം/ഫീസ് ആനുകൂല്യങ്ങൾക്ക് അർഹരായ അപേക്ഷകർ സമർപ്പിക്കേണ്ട സർട്ടിഫിക്കറ്റുകളുടെ വിശദവിവരങ്ങൾ പ്രോസ്പെക്ടസ്സിൽ പ്രതിപാദിച്ചിട്ടുണ്ട്.

സർട്ടിഫിക്കറ്റുകളുടെ മാതൃക **www.lbscentre.kerala.gov.in** എന്ന വെബ്സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്ത് ഉപയോഗിക്കാവുന്നതാണ്. ഇ-ഡിസ്ട്രിക്ട് പദ്ധതിയിലൂടെ അക്ഷയ/മറ്റ് ജനസേവനകേന്ദ്രങ്ങൾ വഴി സർട്ടിഫിക്കറ്റിന് അപേക്ഷിക്കുന്നവർ പ്രസ്തുത വെബ്സൈറ്റിൽ നൽകിയിട്ടുള്ള മാതൃക ഉപയോഗിക്കേണ്ടതില്ല. ഈ ഡിസ്ട്രിക്ട് ഫോർമാറ്റിലെ സർട്ടിഫിക്കറ്റുകൾ ഉപയോഗിക്കാവുന്നതാണ്.

ഓൺലൈൻ അപേക്ഷയോടൊപ്പം നിശ്ചിത തീയതിക്കകം ഓൺലൈനായി സമർപ്പിക്കുന്ന സർട്ടിഫിക്കറ്റുകൾ മാത്രമേ സംവരണാനുകൂല്യം അനുവദിക്കുന്നതിന് പരിഗണിക്കുകയുള്ളൂ എന്നതിനാൽ ഓരോ കാറ്റഗറിക്കും റവന്യൂ അധികാരികൾ നിശ്ചയിച്ചിട്ടുള്ള കാലാവധിക്കുള്ളിലുള്ള സർട്ടിഫിക്കറ്റുകൾ വാങ്ങി സൂക്ഷിക്കേണ്ടതും ഓൺലൈൻ അപേക്ഷ ക്ഷണിക്കുന്ന സമയം അപേക്ഷയോടൊപ്പം അപ്‌ലോഡ് ചെയ്യേണ്ടതുമാണ്.

വിവിധ ആനുകൂല്യങ്ങളെ സംബന്ധിച്ചും ഹാജരാക്കേണ്ട സർട്ടിഫിക്കറ്റുകളെ സംബന്ധിച്ചുള്ള വിശദമായ വിവരങ്ങൾ **www.lbscentre.kerala.gov.in** എന്ന വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്ന പ്രോസ്പെക്ടസ്സിൽ ഉൾപ്പെടുത്തുന്നതാണ്. അപേക്ഷ സമർപ്പിക്കുന്നതിനു മുൻപ് അപേക്ഷകർ പ്രോസ്പെക്ടസ്സിലെ ഈ വ്യവസ്ഥകൾ ശ്രദ്ധിച്ചു വായിച്ചു മനസ്സിലാക്കേണ്ടതാണ്. എൽ.ബി.എസ്സിന്റെ ഔദ്യോഗിക വെബ്സൈറ്റായ **www.lbscentre.kerala.gov.in** അപേക്ഷകർ നിരന്തരം സന്ദർശിക്കേണ്ടതാണ്. അപേക്ഷകർ സമർപ്പിച്ച അപേക്ഷയെ സംബന്ധിക്കുന്ന സംശയനിവാരണത്തിന് എൽ.ബി.എസ്സ് ജില്ലാ ഫെസിലിറ്റേഷൻ കേന്ദ്രങ്ങളെ സമീപിക്കാവുന്നതാണ്.

ഹെൽപ്പ്ലൈൻ നമ്പർ 0471-2560363, 364, മൊബൈൽ 9400977754 (5-9 pm)

## LIST OF DISTRICT FACILITATION CENTRES FOR ADMISSION TO PROFESSIONAL DEGREE COURSES IN NURSING AND PARAMEDICAL STREAMS-2021

| Sl no | Place | Address | Phone Number |
|---|---|---|---|
| 1 | Thiruvananthapuram | LBS Centre<br>Nandavanam, Palayam<br>Thiruvananthapuram - 695 033 | 0471 - 2324396<br>0471 - 2324148 |
| 2 | Kollam | LBS Regional Centre<br>First Floor, BSNL<br>Karikode Telephone<br>Exchange Building,<br>TKM Road, Peroor,<br>Kollam - 691005 | 0474 - 2970780 |
| 3 | Adoor | LBS Sub Centre<br>KRM Towers, East of Central<br>Junction Adoor, Pathanamthitta | 0473 – 4227538 |
| 4 | Alappuzha | LBS Sub Centre<br>Municipal Library Building<br>Thattampally P.O,<br>Alappuzha | 0477 – 2254588 |

| | | | |
|---|---|---|---|
| 5 | Pampady | LBS Sub Centre<br>Kadavumbhagam Buildings<br>Near Police Station, K.K.Road,<br>Pampady, Kottayam. | 0481 – 2505900 |
| 6 | Thodupuzha. | LBS Local Centre<br>GMDC, Neelima Complex<br>Mangattukavala P O, Thodupuzha. | 0486 – 2229442 |
| 7 | Kalamassery | LBS Regional Unit<br>HMT Junction, NAD Road<br>Kalamassery – 683 104. | 0484 – 2541520<br>0484 – 2551466 |
| 8 | Thrissur | LBS Regional Unit<br>Alumvettuvazhi Road,<br>Chiyyaram, Thrissur – 680 026 | 0487 - 2250657<br>0487 – 2250751 |
| 9 | Palakkad. | LBS Sub Centre<br>II Floor, Charutha Chambers, Noorani<br>Shornur Road, Palakkad | 0491 – 2527425 |
| 10 | Manjeri | LBS Sub Centre<br>Indira Gandhi Bus Terminal, Kacherypady<br>Manjeri, Malappuram. | 0483 – 2764674 |
| 11 | Kozhikode | LBS Regional Unit<br>17/420, Indira Gandhi Road<br>Kozhikode – 673 004. | 0495 – 2720250 |
| 12 | Wayanad | LBS Sub Centre<br>M A Building, Opp. JaamJoom<br>HyperMarket, Pinangode Road,<br>Kalpetta,Wayanad - 673121 | 0493 - 6205939 |
| 13 | Kannur | LBS Regional Unit<br>Old Engg. College Campus<br>Near S.N.Park, Kannur - 1. | 0497-2702812 |
| 14 | Kasaragod. | LBS Sub Centre<br>Taluk Office Compound<br>Kasaragod. | 0499-4221011 |

-.-

**ഡോ. അബ്ദുൾ റഹ്മാൻ**
**ഡയറക്ടർ**



PDC-2021, © LBS,Tvpm